**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *72** 30.06.2016-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ കോളനി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ശശി<br>ശ്രീ. എം.എം. മണി<br>ശ്രീ. ഒ.ആർ.കേളു<br>ശ്രീ. ആന്റണി ജോൺ | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ കോളനി വികസന പദ്ധതിയെന്ന പേരിൽ മുൻസർക്കാർ നടപ്പാക്കിയ പദ്ധതി അവലോകനം ചെയ്തിരുന്നോ; | എ) | പദ്ധതി അവലോകനം ചെയ്തിട്ടുണ്ട്. |
| ബി) | പട്ടികവർഗ്ഗക്കാരുടെ വീട് വാസയോഗ്യമാക്കാൻ നടപടിയെടുക്കാതെ മുറ്റവും റോഡും തറയോട് പാകിയ വികസന സമീപനത്തോടുള്ള നിലപാട് അറിയിക്കാമോ; | ബി) | 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ എ.ടി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പട്ടികവർഗ്ഗ കോളനി വികസന പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരുടെ പ്രത്യേക സാമൂഹിക സാമ്പത്തിക വികസനത്തെ കേന്ദ്രീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, നടപ്പാതകൾ, നടപ്പാലങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ, അംഗൻവാടി, റോഡുകൾ, വീടുകളുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടുത്തിയാണ് ഇത് നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| | | | 2014-15-ൽ വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത 134 പട്ടികവർഗ്ഗ കോളനികളിൽ ആണ് ഈ പ്രവർത്തി നടപ്പിലാക്കിയത്. ഇതിനായി 135.75 കോടി രൂപ അനുവദിച്ചിരുന്നു. കളക്ടർ ചെയർമാനായ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കിയത്. ഊരു സമിതികൾ കൂടിയാണ് പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയിൽ നാളിതുവരെ 30% പുരോഗതിയാണ് കൈവരിക്കാനായത്.<br>2015-16 വർഷത്തിൽ മുൻ വർഷത്തേതിൽ നിന്നും വ്യത്യസ്തമായി ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗീകരിക്കുന്നതിനു പകരം കേന്ദ്രീകൃതമായി സംസ്ഥാനതലത്തിൽ നേരിട്ട് സർക്കാർ ഉത്തരവ് മൂലമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിനായി 50 പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് തെരഞ്ഞെടുത്തത്. നിർവ്വഹണ ഏജൻസിയായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (എഫ്.ഐ.ടി) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. നിലമ്പൂർ മുൻസിപ്പാലിറ്റിയിലെയും പോത്തുകല്ല് പഞ്ചായത്തിലെയും 12 ഊരുകളുടെ പദ്ധതി അവരേയും ഏൽപ്പിച്ചു. ഇതിനുള്ള ഡി.പി.ആർ തയ്യാറാക്കിയത് എഫ്.ഐ.ടി എന്ന സ്ഥാപനമാണ്.<br>ഈ പദ്ധതികളിൽ വീട് നിർമ്മാണവും വീടിന്റെ അറ്റകുറ്റപ്പണികളും വരേണ്ടതാണെങ്കിലും അതിനായി വകയിരുത്തിയ 65 കോടി രൂപയുടെ പദ്ധതിയിൽ വളരെക്കുറച്ച് സംഖ്യ മാത്രമേ അതിനായി മാറ്റിവച്ചിട്ടുള്ളൂ. |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൽപ്പറ്റയിലെ ഒരുവുമ്മൽ കോളനിയിൽ വീടുകളുടെ ശോചനീയവസ്ഥ പരിഹരിക്കാതെ ഇന്റർലോക്ക് കട്ടകൾ വിരിച്ച് മോടി കൂട്ടിയതിനെപ്പറ്റി മാദ്ധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. തുടർന്ന് പരിശോധിച്ചതിൽ കോൺക്രീറ്റ് റോഡ് പണിയുന്നതിന് 14.83 ലക്ഷം രൂപയും ഇന്റർലോക്ക് കട്ട പാകി നടപ്പാത നിർമ്മിക്കുന്നതിന് 11.44 ലക്ഷം രൂപയും ഓട നിർമ്മാണത്തിന് 4.86 ലക്ഷം രൂപയും ദൈവപ്പുര നിർമ്മാണത്തിന് 25 ലക്ഷം രൂപയും സംരക്ഷണ ഭിത്തി നിർമ്മാണത്തിന് 11.84 ലക്ഷം രൂപയും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഭീമമായ തുകയും ചെലവഴിച്ചതായി കാണപ്പെട്ടു. അവിടെയുള്ള ഒട്ടാകെ വീടുകളുടെ നവീകരണത്തിനായി കേവലം 2.48 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചതായി കാണുന്നത്. ഇത് ഒട്ടാകെ പദ്ധതിയുടെ 3 ശതമാനത്തിൽ താഴെ മാത്രമാണ്. ഇവിടെ 15 വീടുകളിലായി 27 കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. പലരും താല്ക്കാലിക ഷെഡ്ഡുകളിലും താമസിക്കുന്നുണ്ട്. ഇവിടുത്തെ അടിസ്ഥാന പ്രശ്നമായ വീട് നിർമ്മാണത്തിന് യാതൊന്നും ചെയ്യാതെ നടത്തുന്ന കോളനി വികസന സമീപനത്തോട് യോജിക്കാനാവില്ല. ഭാവിയിൽ കോളനി വികസന പദ്ധതി നടപ്പിലാക്കുമ്പോൾ ഭവന നിർമ്മാണം കൂടി ഉൾപ്പെടുത്തിക്കൊണ്ട് സുതാര്യമായ രീതിയിൽ സർക്കാർ ഈ പദ്ധതി നടപ്പാക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | പദ്ധതിയിലെ പാഴ് ചെലവിനെ കുറിച്ചും അഴിമതിയെക്കുറിച്ചും സമഗ്രാന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമോ? | സി) | പദ്ധതി നടത്തിപ്പുമായി ഇപ്പോൾ ഉയർന്ന് വന്നിട്ടുള്ള പ്രശ്നങ്ങൾ വിശദമായി പരിശോധിക്കുകയും പാഴ്ച്ചെലവും അഴിമതിയും ഉള്ളതായി കാണപ്പെട്ടാൽ സമഗ്രാന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശ്ശന നടപടി സ്വീകരിക്കുന്നതാണ്. |

Haripriya

സെക്ഷൻ ഓഫീസർ